പൊതുമേഖലാ സ്ഥാപനങ്ങളുടെ ട്രഷറി നിക്ഷേപം

238(578) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പണം ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് ധനവകുപ്പിന്റെ ഉത്തരവുണ്ടായിരുന്നോ ; വ്യക്തമാക്കുമോ ;

(ബി) ഇതനുസരിച്ച് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ട്രഷറിയിലേയ്ക്ക് നിക്ഷേപം മാറ്റിയിട്ടുണ്ട് എന്നും ഏതൊക്കെ സ്ഥാപനങ്ങൾ ഈ ഉത്തരവ് അനുസരിച്ചില്ല എന്നും വ്യക്തമാക്കുമോ ;

(സി) ധനഇടപാടുകൾ നടത്തുന്നതിന് പൂർണ്ണമായും സർക്കാരിന്റെ ഉടമസ്ഥതയിൽ ഒരു ബാങ്ക് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പണം (തനത് ഫണ്ട്) ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ക്ഷേമനിധി ബോർഡുകൾക്കും പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ നൽകുന്ന ഫണ്ടുകൾ ട്രഷറിയിൽതന്നെ നിക്ഷേപിക്കണമെന്ന് സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പൊതു മേഖലാസ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ട്, ട്രഷറിയിലെ പലിശയേക്കാൾ കൂടുതൽ ലഭിക്കുന്ന സാഹചര്യത്തിൽ മാത്രമേ ബാങ്കുകളിൽ നിക്ഷേപിക്കാവൂ എന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള സർക്കാർ ധനസഹായങ്ങളും ഫണ്ടുകളും തിരികെ ട്രഷറിയിൽ നിക്ഷേപിക്കണമെന്ന കർശന നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലർ 31/2014/Fin/ dated 27/3/2014). പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും നിക്ഷേപം ആകർഷിച്ചികൊണ്ട് ജി.ഒ.(എം.എസ്). നമ്പർ121/2014/ധന. തീയതി 29-3-2014, ജി.ഒ.(പി)നമ്പർ 383/2014/ധന. 3-9-2014 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly